# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 548

28/02/2017 ൽ മറുപടിക്ക്

## ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി

| | ശ്രീ.റ്റി.വി. രാജേഷ് | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|---|---|
| | ചോദ്യം | | മറുപടി |
| (എ) | സംസ്ഥാനത്ത് ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള പുരോഗതി വിശദമാക്കാമോ; | (എ) | ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിക്ക് വേണ്ടി P & MP Act പ്രകാരം 6 (1) ഗസറ്റ് നോട്ടിഫിക്കേഷൻ പൂർത്തിയാക്കി സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 503 കി.മീ. ദൈർഘ്യമുള്ള പൈപ്പ് ലൈൻ ശൃംഖലയാണ് പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കേണ്ടത്. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പൈപ്പ് ലൈൻ നിർമ്മാണത്തിനുള്ള കരാർ നൽകുകയും ജോലികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. കാസർഗോഡ് ജില്ലയിൽ കരാർ നൽകുകയും പ്രാരംഭനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി ജില്ലകളിൽ കരാർ നൽകുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. നിർമ്മാണ പ്രവർത്തനത്തിനുള്ള പൈപ്പുകൾ മുതലായ സാമഗ്രികൾ യാർഡുകളിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. മലപ്പുറം, കോഴിക്കോട് ഒഴികെയുള്ള ബാക്കി ജില്ലകളിലെ പഞ്ചനാമ തയ്യാറാക്കുന്ന ജോലി പൂർത്തിയായിട്ടുണ്ട്. പൈപ്പ് ലൈൻ പദ്ധതി 2018 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | കണ്ണൂർ ജില്ലയിൽ പ്രസ്തുത പൈപ്പ് ലൈനുകൾ കടന്നു പോകുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ആശങ്കകൾ ദൂരീകരിക്കുന്നതിനും അവർക്ക് മതിയായ നഷ്ടപരിഹാരം നല്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പത്രപരസ്യങ്ങളിലൂടെയും ലഘുലേഖകളിലൂടെയും എഫ്.എം. റേഡിയോ പരസ്യങ്ങൾ മുഖേനയും പൈപ്പ് ലൈൻ സംബന്ധിച്ച ജനങ്ങളുടെ ആശങ്കകൾ ദൂരീകരിക്കുവാനുള്ള ബോധവൽക്കരണം നടത്തിയിട്ടുണ്ട്. ജില്ലാ കൃഷി ഓഫീസർ നിശ്ചയിക്കുന്ന ആയുഷ്കാല വിളവിന്റെ പശ്ചാത്തലത്തിലാണ് വിളകളുടെ നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. നാണ്യവിളകളുടെ വില കണക്കാക്കുന്നത് Kerala Statistics & Economics Department - ന്റെ വാർഷിക വിലനിലവാര കണക്കുകൾ അനുസരിച്ചാണ്. |

| | | | |
|---|---|---|---|
| | | | വിളകൾക്ക് താരതമ്യേന ന്യായമായ നഷ്ടപരിഹാരം ലഭിക്കുന്നുണ്ട്. RoU സ്ഥലവിലയുടെ നഷ്ടപരിഹാരം, 1962 ലെ P&MP Act അനുസരിച്ച് മാർക്കറ്റ് വിലയുടെ 10% ആണ് നൽകേണ്ടത്. എന്നാൽ ഇത് താരതമ്യേന തുച്ഛമായതിനാൽ ന്യായവിലയുടെ 50% ആയി നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**